കില
വാർത്താപത്രിക

VOLUME-12
ISSUE-3
MARCH 2019

info@kila.ac.in | NEWSLETTER OF KERALA INSTITUTE OF LOCAL ADMINISTRATION (KILA) | www.kila.ac.in

സംസ്ഥാന പഞ്ചായത്ത്ദിനാഘോഷം തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ.സി. മൊയ്തീൻ ഉദ്ഘാടനം ചെയ്യുന്നു

പഞ്ചായത്തുകളുടെ അധികാരം കവരാൻ കേന്ദ്രം ശ്രമിക്കുന്നു: മന്ത്രി മൊയ്തീൻ

അധികാരവികേന്ദ്രീകരണം പൂർണതയിലെത്തിക്കുന്നതിനു കേന്ദ്രം സംസ്ഥാനങ്ങൾക്കു കൂടുതൽ അധികാരങ്ങൾ നൽകണമെന്നു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി എ.സി.മൊയ്തീൻ. എന്നാൽ പ്രത്യേക അവകാശങ്ങളെന്ന പേരിൽ സംസ്ഥാനങ്ങളെ ഒഴിവാക്കി പഞ്ചായത്തുകളിൽ ഇടപെടാനാണ് കേന്ദ്രം ശ്രമിക്കുന്നതെന്നും മന്ത്രി പറഞ്ഞു. പഞ്ചായത്ത് ദിനാഘോഷ പരിപാടി തൃശ്ശൂരിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു മന്ത്രി. അധികാരം കേന്ദ്രത്തിൽ കേന്ദ്രീകരിക്കാനാണ് ലക്ഷ്യം. സംസ്ഥാനങ്ങളുടേ മേൽ ഇത്തരത്തിൽ ഇടപെടുന്നതു ഫെഡറൽ തത്വങ്ങൾക്കു എതിരാണ്. ഇന്ത്യയിൽ പല സംസ്ഥാനങ്ങളിലും വകുപ്പുകളുടെ അധികാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കു വിട്ടുകൊടുത്തിട്ടില്ല. എന്നാൽ രാജ്യത്ത് ആദ്യമായി 1990-ൽ ജില്ലാകൗൺസിലിനു രൂപം നൽകിയത് കേരളമാണ്. പിന്നീടു വന്ന അധികാരവികേന്ദ്രീകരണത്തിലും കേരളം ഒരു പിടി മുന്നിലാണ്. വിവിധ വകുപ്പുകൾക്കു ഇനിയും കൂടുതൽ അവകാശങ്ങൾ വിട്ടു നൽകും. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ സ്ത്രീകൾക്കു 50 ശതമാനം സംവരണം ഏർപ്പെടുത്തിയതും കേരളത്തിൽ മാത്രമാണ്.

അധികാരവികേന്ദ്രീകരണത്തിലും ജനകീയാസൂത്രണത്തിലുമുള്ള കേരളത്തിന്റെ മാതൃക രാജ്യം ഏറ്റെടുക്കുകയാണ്. ഈ മാതൃക വികസനത്തിനു അനിവാര്യമാണെന്നു രാജ്യം തിരിച്ചറിഞ്ഞു. ഗ്രാമപഞ്ചാത്ത് വികസനപദ്ധതി ക്യാമ്പയിൻ(ജി.പി.ഡി.പി) എന്ന പേരിൽ രാജ്യവ്യാപകമായി നടപ്പാക്കാൻ തുടങ്ങി. ചരിത്രത്തിലാദ്യമായി ഡിസംബർ 30 നു പദ്ധതികൾ അംഗീകരിച്ച് വർഷാരംഭമായ ഏപ്രിൽ ഒന്നുമുതൽ നിർവഹണം ആരംഭിക്കുകയാണ്. സ്ത്രീശാക്തീകരണപ്രവർത്തനങ്ങൾ വിപുലപ്പെടുത്താനും പദ്ധതിപ്പണം മികച്ച രീതിയിൽ ചെലവഴിക്കാനും ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്നു മന്ത്രി നിർദ്ദേശിച്ചു.

കില തയ്യാറാക്കിയ അതിജീവനത്തിന്റെ അനുഭവപാഠങ്ങൾ എന്ന പുസ്തകം ചടങ്ങിൽ ഡോ.പി.കെ.ബിജു എം.പി. പ്രകാശനം ചെയ്തു. ജില്ലാപഞ്ചായത്ത് പ്രസിഡന്റ്സ് ചേംബർ പ്രസിഡന്റ് വി.കെ.മധു പുസ്തകം ഏറ്റുവാങ്ങി. തൃശ്ശൂർ ജില്ല പഞ്ചയാത്ത് പ്രസിഡന്റ് മേരി തോമസ്, മേയേഴ്സ് കൗൺസിൽ ചെയർമാൻ തോട്ടത്തിൽ രവീന്ദ്രൻ, ലോക്കൽ ഗവർമ്മെന്റ് കമ്മീഷൻ ചെയർമാൻ, സി.പി.വിനോദ്, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ആർ.സുഭാഷ്, മുനിസിപ്പൽ ചേംബർ ചെയർമാൻ വി.വി.രമേശൻ, കില ഡയറക്ടർ ഡോ.ജോയ് ഇളമൺ, തോമസ് വക്കത്താനം, എച്ച്.മുഹമ്മദ് നിയാസ്, അബ്ദുൾ ജബ്ബാർ, കെ.നാരായണൻ, ടി.വി.ലക്ഷ്മി എന്നിവർ സംസാരിച്ചു. ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജനറൽ സെക്രട്ടറി പി.വിശ്വംഭരപ്പണിക്കർ സ്വാഗതവും തൃശ്ശൂർ ജില്ല സെക്രട്ടറി പി.എസ്.വിനയൻ നന്ദിയും പറഞ്ഞു.

സാമൂഹ്യസുരക്ഷാപെൻഷൻ: അർഹതാമാനദണ്ഡങ്ങളിൽ ഭേദഗതി

സാമൂഹ്യസുരക്ഷ/ക്ഷേമനിധബോർഡ് പെൻഷൻ ലഭിക്കുന്നതിനുള്ള അർഹതാമാനദണ്ഡങ്ങളിൽ ചില ഭേദഗതികൾ വരുത്തി ഉത്തരവായി. ഗുണഭോക്താവ് താമസിക്കുന്ന വീടിന്റെ തറ വിസ്തീർണ്ണം 1200 ചതുരശ്ര അടിയിൽ കൂടുതൽ ആകരുത് എന്ന വ്യവസ്ഥ ഒഴിവാക്കി. പ്രതിമാസം 2000/-രൂപ വരെ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്ന അപേക്ഷകർക്കു അർഹതാമാനദണ്ഡങ്ങൾക്കു വിധേയമായി സാമൂഹ്യസുരക്ഷാ പെൻഷൻ/ ക്ഷേമനിധിബോർഡ് പെൻഷൻ നിലവിലുള്ള പുതുക്കിയ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കും. എന്നാൽ പ്രതിമാസം 2000/- രൂപയ്ക്കു മുകളിൽ ഇ.പി.എഫ് പെൻഷൻ ലഭിക്കുന്നവർക്കു സാമൂഹ്യസുരക്ഷാപെൻഷൻ/ക്ഷേമനിധിബോർഡ് പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതിനു മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ. (സ.ഉ(എം.എസ്)93/2019/ധന.21.2.2019)

കരാർ റദ്ദാക്കുന്നതിനുള്ള അധികാരം ജില്ലാകലക്ടർമാർക്ക്

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഭവനനിർമ്മാണം നടത്തിയ ഗുണഭോക്താക്കൾക്കു ഒഴിച്ചുകൂടാൻ പറ്റാത്ത സാഹചര്യങ്ങളിൽ വീടു വിൽക്കേണ്ടിവരുമ്പോൾ അനുവാദിത്തിനായി സർക്കാരിലേക്കു അപേക്ഷിക്കുകയാണ് പതിവ്. ഇതിലെ കാലതാമസം ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിരവധി അപേക്ഷകൾ വന്ന സാഹചര്യത്തിൽ ഇത്തരം അപേക്ഷകളിൽ ഭവനനിർമ്മാണത്തിനു തുക കൈപ്പറ്റാൻ എഴുതി കൊടുത്ത കരാർ റദ്ദുചെയ്ത് നൽകുന്നതിനുള്ള അധികാരം ജില്ല കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൈപ്പറ്റിയ തുക 12 ശതമാനം പലിശ സഹിതം തിരിച്ചടച്ചുകൊണ്ട് ഉറപ്പുവരുത്തിയ ശേഷം അപേക്ഷകന്റെ പേരിലുള്ള കരാർ റദ്ദുചെയ്യാൻ ജില്ല കലക്ടർമാർക്കു അധികാരം നൽകിയിരിക്കുന്നു. ഇ.എം.എസ് ഭവനനിർമ്മാണ പദ്ധതിക്കു ബാധകമായിരുന്ന ഈ നിബന്ധന എല്ലാ ഭവനനിർമ്മാണ പദ്ധതികൾക്കും ബാധകമാക്കിയിട്ടുണ്ട്.

വിധവാപെൻഷനും സാക്ഷ്യപത്രവും

വിധവാപെൻഷൻ/ അവിവാഹിതരായ അമ്പതു വയസ്സുകഴിഞ്ഞവർക്കുള്ള പെൻഷൻ എന്നിവ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ എല്ലാവർഷവും ഡിസംബർ മാസത്തിൽ അവർ പുനർവിവാഹിതരായിട്ടില്ല എന്ന സാക്ഷ്യപത്രം ഗസറ്റഡ് ഓഫീസറിൽനിന്ന് വാങ്ങി ബന്ധപ്പെട്ട പ്രാദേശികസർക്കാർ സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം പെൻഷൻ തടഞ്ഞുവയ്ക്കുന്നതായിരിക്കും. പിന്നീട് സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയക്ക് മാത്രമേ അനുവദിക്കുകയുള്ളൂ.

ലൈഫ്മിഷൻ പദ്ധതിയും തണ്ണീർത്തട നിയമവും

ലൈഫ് മിഷൻ പദ്ധതി പ്രകാരം കെട്ടിടനിർമ്മാണത്തിനു അനുമതിക്കായി സമർപ്പിക്കുന്ന അപേക്ഷകൾ വിജ്ഞാപനം ചെയ്യപ്പെടാത്ത 4.04 ആർ വിസ്തീർണ്ണമുള്ള ഭൂമിയിൽ 120 ചതുരശ്രമീറ്ററിൽ കുറവു വിസ്തീർണ്ണമുള്ള വീടു നിർമ്മിക്കാനാണെങ്കിൽ പ്രസ്തുത അപേക്ഷ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കുന്ന പക്ഷം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ആക്ട് 2018 വകുപ്പ് 27 (എ)(5) (6) (7) എന്നിവയുടെ അടിസ്ഥാനത്തിൽ ഈ ആക്ട് പ്രകാരമുള്ള മറ്റൊരു അനുമതിയും ആവശ്യമില്ലാതെ നിർമ്മാണ അനുമതി നൽകേണ്ടതാണെന്നു തദ്ദേശസ്വയംഭരണ സെക്രട്ടറിമാർക്കു ഗവർമ്മെന്റ് സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്.

ഭിന്നശേഷിക്കാർക്ക് രണ്ടു പെൻഷൻ നൽകാം

സാമൂഹ്യസുരക്ഷാ പെൻഷൻ/ ക്ഷേമനിധി ബോർഡ് പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഭിന്നശേഷിക്കാരായ ഒരു വ്യക്തിക്കു അർഹതാമാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പുതിയതായി ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കാൻ അർഹതയുണ്ടായിരിക്കുന്നതാണ്. ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ അല്ലാതെ മറ്റേതെങ്കിലും സാമൂഹ്യസുരക്ഷ പെൻഷൻ ലഭിക്കുന്നവർക്കാണ് ഇപ്രകാരം നൽകാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. (സ.ഉ.(എം.എസ്)90/2019/ധന. തീയതി.16.2.2019.)

സാമൂഹ്യസുരക്ഷാപെൻഷൻ വർദ്ധിപ്പിച്ചു

സാമൂഹ്യസുരക്ഷ/ക്ഷേമനിധിബോർഡ് പെൻഷന്റെ പ്രതിമാസ നിരക്ക് 1100/- രൂപയിൽനിന്ന്1200/-രൂപയാക്കി വർദ്ധിപ്പിച്ച് ഉത്തരവായി. 1.4.2019 മുതൽ പുതിയ നിരക്ക് പ്രാബല്യത്തിലുണ്ടായിരിക്കും.

വിധവകളുടെ പെൺമക്കൾക്കു വിവാഹധനസഹായം

പൊതുവിഭാഗത്തിൽ പെടുന്ന വിധവകളായവരുടെ പെൺമക്കൾക്കു വിവാഹധനസഹായമായി 30,000/- രൂപവരെ നൽകാം. 2019-20 സാമ്പത്തികവർഷം മുതലാണ് ഇതിനു പ്രാബല്യം. രണ്ടുലക്ഷം രൂപവരെ വാർഷിക കുടുംബവരുമാനമുള്ളവർക്കു അപേക്ഷിക്കാം. ഇപ്പോൾ ഈ ധനസഹായം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു മാത്രമാണ് നൽകുന്നത്.(സ.ഉ.(സാധാ)374/2019.തസ്വഭവ.21.2.2019)

ബാലസൗഹൃദ തദ്ദേശഭരണത്തെക്കുറിച്ച് മധ്യപ്രദേശിലെ ഗ്വാളിയോറിൽ സംഘടിപ്പിച്ച ദേശീയ ശില്പശാലയിൽ കില ഡയറക്ടർ **ഡോ.ജോയ് ഇളമൺ** സംസാരിക്കുന്നു

ബാലസൗഹൃദ തദ്ദേശഭരണം: കേരള മാതൃക ദേശീയതലത്തിലേക്ക്

ജനകീയാസൂത്രണ പ്രസ്ഥാനത്തിനു പിന്നാലെ കേരളത്തിന്റെ മറ്റൊരു മാതൃക കൂടി ദേശീയതലത്തിലേക്ക്. പ്രാദേശികഭരണം ബാലസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സംസ്ഥാനത്തുനിന്ന് ദേശീയതലത്തിലേക്കുയരുന്ന പുതിയ മാതൃക. ജനകീയാസൂത്രണത്തിന്റെ ആദ്യവർഷങ്ങളിൽ ചില പഞ്ചായത്തുകൾ ബാലസൗഹൃദ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നു. പിന്നീട് കിലയുടെ സഹായത്തോടെ മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ബാലസൗഹൃദ പ്രാദേശികഭരണം സാദ്ധ്യമാക്കി. തുടർന്ന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ അഞ്ചുശതമാനം വികസനഫണ്ട് വിഹിതം കുട്ടികൾക്കും ഭിന്നശേഷിയുള്ളവർക്കുമായി നിർബന്ധമായും വകയിരുത്തണമെന്ന് നിർദ്ദേശിച്ചു. അങ്കണവാടികൾ, സ്കൂളുകൾ, പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ, ഇതര പൊതു ഇടങ്ങൾ എന്നിവ വഴി ഗ്രാമജീവിതം ബാലസൗഹൃദമാക്കി. ബാലസഭ, ബാലപഞ്ചായത്ത് എന്നിവയിലൂടെ പ്രാദേശികഭരണത്തിൽ കുട്ടികളുടെ പങ്കാളിത്തം വളർത്തിയെടുക്കുകയും ചെയ്തു. സംസ്ഥാനത്തെ 140 ഗ്രാമപഞ്ചായത്തുകളിൽ മാത്രമായിരുന്നു കിലയുടെ ഇടപെടൽ. പിന്നീട് എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുമായി വളർന്നു. ഇതോടെ ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാപഞ്ചായത്തുകളും അവയുടെ ഭരണപ്രദേശമാകെ ബാലസൗഹൃദമാക്കാനുള്ള പ്രവർത്തനം തുടങ്ങി. തൃശ്ശൂർ ജില്ലാപഞ്ചായത്ത് കുട്ടികൾക്കു ബാലസൗഹൃദ ജില്ല എന്ന കർമ്മപദ്ധതിയും തയ്യാറാക്കി.

ഈ ആശയമാണ് ഇപ്പോൾ ദേശീയതലത്തിലേക്കു വികസിച്ചത്. കേന്ദ്ര പഞ്ചായത്ത് രാജ് മന്ത്രാലയം പുറത്തിറക്കിയ പുതിയ വികസനപദ്ധതി മാർഗ്ഗരേഖയിൽ ബാലസൗഹൃദ പ്രാദേശികഭരണം പ്രാവർത്തികമാക്കാനുള്ള നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്. കിലയുടെ സഹായത്തിലും യൂനിസെഫിന്റെ സഹകരണത്തിലും കേരളത്തിൽ നടപ്പിലാക്കിയ ബാലസൗഹൃദ ഭരണം ഗ്രാമപഞ്ചായത്ത് വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതായി മാർഗ്ഗരേഖയിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ടെന്നു കില ഡയറക്ടർ ഡോ. ജോയ് ഇളമൺ പറഞ്ഞു.

കേന്ദ്ര പഞ്ചായത്തിരാജ് മന്ത്രാലയം മധ്യപ്രദേശിലെ ഗ്വാളിയോറിൽ ബാലസൗഹൃദ പഞ്ചായത്തിരാജ് (ബാൽഹിതേഷ് പഞ്ചായത്ത്) എന്ന വിഷയത്തിൽ കിലയുടെ സഹായത്തോടെ ദേശീയ ശില്പശാല സംഘടിപ്പിച്ചിരുന്നു. ശില്പശാലയ്ക്കു സാങ്കേതിക സഹായം നൽകാൻ ഡോ. ജോയ് ഇളമണിനു പുറമെ പേരവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജിജി ജോയ്, വെള്ളിയാമറ്റം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഷീബ രാജശേഖരൻ, കില അസോസിയേറ്റ് പ്രൊഫ.ഡോ.പീറ്റർ എം.രാജ് എന്നിവരും പങ്കെടുത്തിരുന്നു.

കില കൊട്ടാരക്കര സി.എച്ച്.ആർ.ഡിയിൽനിന്നു വിരമിച്ച ഡോ.ഉമ്മൻ ജോണിനു നൽകിയ യാത്രയയ്പ്പു യോഗത്തിൽ ഡയറക്ടർ **ഡോ.ജോയ് ഇളമൺ** ഉപഹാരം സമ്മാനിക്കുന്നു

പാപ്പിനിശ്ശേരി മികച്ച ഗ്രാമപഞ്ചായത്ത്

മികച്ച പ്രകടനം കാഴ്ചവച്ച സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾക്കുള്ള സ്വരാജ് ട്രോഫി പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്താണ് മികച്ച ഗ്രാമപഞ്ചായത്ത്. രണ്ടാംസ്ഥാനം എറണാകുളം ജില്ലയിലെ മുളംന്തുരുത്തി ഗ്രാമപഞ്ചായത്തും മൂന്നാംസ്ഥാനം കോഴിക്കോട് ജില്ലയിലെ ചേമഞ്ചേരി ഗ്രാമപഞ്ചായത്തും കരസ്ഥമാക്കി. ബ്ലോക്ക് പഞ്ചായത്തുകളിൽ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത് ഒന്നാംസ്ഥാനം നേടിയപ്പോൾ തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് രണ്ടാംസ്ഥാനവും കോട്ടയം ജില്ലയിലെ ളാലം ബ്ലോക്ക് പഞ്ചായത്ത് മൂന്നാംസ്ഥാനവും സ്വന്തമാക്കി. മികച്ച ജില്ലാ പഞ്ചായത്തുകളിൽ തിരുവനന്തപുരമാണ് മുന്നിൽ. കൊല്ലം എറണാകുളം ജില്ലകൾ യഥാക്രമം രണ്ടാംസ്ഥാനവും മൂന്നാംസ്ഥാവും നേടി. ആദ്യ മൂന്നു സ്ഥാനങ്ങളിലെത്തിയ തദ്ദേശസ്വംയഭരണസ്ഥാപനങ്ങൾക്കു യഥാക്രമം 25 ലക്ഷം, 20 ലക്ഷം, 15 ലക്ഷം രൂപ വീതം പ്രത്യേക പദ്ധതി ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും തൃശ്ശൂരിൽ നടന്ന പഞ്ചായത്ത് ദിനാഘോഷച്ചടങ്ങിൽ മന്ത്രി എ.സി.മൊയ്തീൻ സമ്മാനിച്ചു.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പുപദ്ധതി നിർവഹണത്തിലെ മികവിനുള്ള മഹാത്മാ പുരസ്കാരത്തിൽ ഒന്നാംസ്ഥാനം പത്തനംതിട്ട ജില്ലയിലെ കൊടുമൺ ഗ്രാമപഞ്ചായത്തിനും രണ്ടാംസ്ഥാനം കോഴിക്കോട് ജില്ലയിലെ തുറയൂർ ഗ്രാമപഞ്ചായത്തുനും ആലപ്പുഴ ജില്ലയലെ ബുധനൂർ ഗ്രാമപഞ്ചായത്തിനും ലഭിച്ചു.

തൃശ്ശൂർ ജില്ലയിൽ പുന്നയൂർകുളം ഗ്രാമപഞ്ചായത്തിനാണ് ഒന്നാംസ്ഥാനം. അളഗപ്പനഗർ, വള്ളത്തോൾ നഗർ ഗ്രാമപഞ്ചായത്തുകൾ രണ്ടാംസ്ഥാനം പങ്കിട്ടു. മഹാത്മാപുരസ്കാരം ലഭിച്ചത് നാട്ടിക ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തുകൾക്കാണ്. ജില്ലാതലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്നവർക്കു പത്തുലക്ഷം രൂപയും രണ്ടാംസ്ഥാനക്കാർക്കു അഞ്ചുലക്ഷം രൂപ വീതവും പ്രത്യേക ധനസഹായവും സ്വരാജ് ട്രോഫിയും സാക്ഷ്യപത്രവും ലഭിച്ചു. മഹാത്മാ പുരസ്കാരം ലഭിച്ചവർക്കു സാക്ഷ്യപത്രവും മൊമന്റോയുമാണ് ലഭിച്ചത്.

ഇതു രണ്ടാം തവണയാണ് പഴയന്നൂർ ബ്ലോക്കിനെ സംസ്ഥാനത്തെ മികച്ച രണ്ടാമത്തെ ബ്ലോക്ക് പഞ്ചായത്തായി തെരഞ്ഞെടുക്കുന്നത്. 2017-18 സാമ്പത്തികവർഷം പദ്ധതി വിഹിതത്തിന്റെ 111.86 ശതമാനം ചെലവഴിച്ച് സംസ്ഥാനത്തിനു മാതൃകയായി തൃശ്ശൂർ ജില്ലയിൽ ഒന്നാംസ്ഥാനത്തെത്തിയ നേട്ടം വേറെയുമുണ്ട്. സംസ്ഥാനത്തു ആദ്യമായി ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലെ 108 വാർഡുകളിൽ നിലവിലുള്ള കുടുംബശ്രീ, സി.ഡി.എസ് ഭാരവാഹികളെ ഉൾപ്പെടുത്തി ജെന്റർ റിസോഴ്സ് സെന്റർ, കൗൺസിലിംഗ് സെന്റർ എന്നിവയ്ക്കു തുടക്കമിട്ടതും ഈ ബ്ലോക്ക് പഞ്ചായത്തിലാണ്.

വിദ്യാഭ്യാസമേഖലയിലും കാർഷികരംഗത്തും നടപ്പാക്കിയ പദ്ധതികളും വിവിധ ക്ഷേമപദ്ധതികളുമാണ് പുന്നയൂർകുളത്തിനു തൃശ്ശൂർ ജില്ലയിലെ മികച്ച പഞ്ചായത്തിനുള്ള പുരസ്കാരം നേടിക്കൊടുത്തത്. ജില്ലയിലെ 86 ഗ്രാമപഞ്ചായത്തുകളിൽ മികച്ച രണ്ടാമത്തെ ഗ്രാമപഞ്ചായത്തായിട്ടാണ് വള്ളത്തോൾ നഗർ പഞ്ചായത്തിനെ തെരഞ്ഞെടുക്കുന്നത്. രണ്ടാംതവണയാണ് ഈ ബഹുമതി ലഭിക്കുന്നത്. ലൈഫ് മിഷൻ ഒന്നാംഘട്ടം സംസ്ഥാനത്ത് ആദ്യമായി പൂർത്തീകരിച്ചത് രണ്ടാം സ്ഥാനം പങ്കിട്ട അളഗപ്പനഗർ ഗ്രാമപഞ്ചായത്താണ്.

തൊഴിലുറപ്പുപദ്ധതിയിലൂടെ മാതൃകാ അങ്കണവാടികൾ നിർമ്മിച്ച് ചരിത്രം സൃഷ്ടിച്ച ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിനാണ് ജില്ലയിൽ മഹാത്മാപുരസ്കാരം ലഭിച്ചത്. അഞ്ചു റോഡുകളും രണ്ടു കനാലുകളും പദ്ധതി പ്രകാരം നിർമ്മിച്ചു. മണ്ണ്-ജല സംരക്ഷണ പദ്ധതികളിൽ 12 കുളങ്ങൾ, നാലു കിണറുകൾ, തരിശുഭൂമി കൃഷിയോഗ്യമാക്കൽ എന്നിവയ്ക്കായി തുക ചെലവഴിച്ച് പഞ്ചായത്ത് മാതൃക സൃഷ്ടിച്ചു. മൊത്തം 2.05 കോടി രൂപ പദ്ധതി പ്രകാരം ചെലവഴിച്ചു. ഇതിനു മുമ്പു സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഏങ്ങണ്ടിയൂരിനു മഹാത്മാപുരസ്കാരം ലഭിച്ചിട്ടുണ്ട്.

2017-18 വർഷം ജില്ലാതലത്തൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയ ഗ്രാമപഞ്ചായത്തുകൾ

തിരുവനന്തപുരം:
1. ചെമ്മരുതി ഗ്രാമപഞ്ചായത്ത്
2. ആര്യങ്കോട് ഗ്രാമപഞ്ചായത്ത്

കൊല്ലം
1. ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്
2. പൂതക്കുളം ഗ്രാമപഞ്ചായത്ത്

ആലപ്പുഴ
1. വീയപുരം ഗ്രാമപഞ്ചായത്ത്
2. കുമാരപുരം ഗ്രാമപഞ്ചായത്ത്

കോട്ടയം
1. അയ്മനം ഗ്രാമപഞ്ചായത്ത്
2. വെളിയന്നൂർ ഗ്രാമപഞ്ചായത്ത്

ഇടുക്കി
1. നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്
2. മണക്കാട് ഗ്രാമപഞ്ചായത്ത്

എറണാകുളം
1. മണീട് ഗ്രാമപഞ്ചായത്ത്
2. പാമ്പാക്കുട ഗ്രാമപഞ്ചായത്ത്

തൃശ്ശൂർ
1. പുന്നയൂർക്കുളം ഗ്രാമപഞ്ചായത്ത് രണ്ടാംസ്ഥാനത്തിനു രണ്ടു ഗ്രാമപഞ്ചായത്തുകൾ അർഹരായി
1. വള്ളത്തോൾനഗർ ഗ്രാമപഞ്ചായത്ത്
2. അളഗപ്പനഗർ ഗ്രാമപഞ്ചായത്ത്

പാലക്കാട്
1. തിരുമിറ്റക്കോട് ഗ്രാമപഞ്ചായത്ത്
2. ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത്

മലപ്പുറം
1. പുലാമന്തോൾ ഗ്രാമപഞ്ചായത്ത്
2. മാറഞ്ചേരി ഗ്രാമപഞ്ചായത്ത്

കോഴിക്കോട്
1. പനങ്ങാട് ഗ്രാമപഞ്ചായത്ത്. രണ്ടാംസ്ഥാനം രണ്ടു ഗ്രാമപഞ്ചായത്തുകൾ പങ്കിട്ടു.
1. കാരശ്ശേരി ഗ്രാമപഞ്ചായത്ത്
2. പെരുമണ്ണ ഗ്രാമപഞ്ചായത്ത്.

വയനാട്
1. എടവക ഗ്രാമപഞ്ചായത്ത്
2. മീനങ്ങാടി ഗ്രാമപഞ്ചായത്ത്

കണ്ണൂർ
1. ചെമ്പലോട് ഗ്രാമപഞ്ചായത്ത് രണ്ടാംസ്ഥാനം രണ്ടു ഗ്രാമപഞ്ചായത്തുകൾക്ക്.
1 കരിവെള്ളൂർ പെരളം ഗ്രാമപഞ്ചായത്ത്
2. മയ്യിൽ ഗ്രാമപഞ്ചായത്ത്

കാസർകോട്
1. ചെറുവത്തൂർ ഗ്രാമപഞ്ചായത്ത്. രണ്ടാംസ്ഥാനക്കാരില്ല.

പത്തനംതിട്ട ജില്ലയിൽ ഒരു ഗ്രാമപഞ്ചായത്തും 50 ശതമാനം മാർക്കു കരസ്ഥമാക്കിയിട്ടില്ല. അതിനാൽ പത്തനംതിട്ട ജില്ലയ്ക്കു ജില്ലാതല അവാർഡില്ല.

2017-18 വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി നിർവഹണത്തിൽ മികവു പുലർത്തിയ ഗ്രാമപഞ്ചായത്തുകൾ ജില്ലാതലത്തിൽ

തിരുവനന്തപുരം
1. കള്ളിക്കാട്
2. പള്ളിക്കൽ

കൊല്ലം
1. നെടുവത്തൂർ
2. കുമ്മിൾ

പത്തനംതിട്ട
1. കൊടുമൺ
2. ഏറാത്ത്

കോട്ടയം
1. അയ്മനം
2. ഉദയനാപുരം

ആലപ്പുഴ
1. ബുധനൂർ
2. വീയപുരം

എറണാകുളം
1. എടവനക്കാട്
2. മുളംന്തുരുത്തി

ഇടുക്കി
1. വട്ടവട
2. ഇടുക്കി കഞ്ഞിക്കുഴി

തൃശ്ശൂർ
1. ഏങ്ങണ്ടിയൂർ
2. നാട്ടിക

പാലക്കാട്
1. വിളയൂർ
2. നാഗലശ്ശേരി

മലപ്പുറം
1. ആതവനാട്
2. കൂട്ടിലങ്ങാടി

കോഴിക്കോട്
1. തുറയൂർ
2. ചാത്തമംഗലം

വയനാട്
1. പൊഴുതന
2. മീനങ്ങാടി

കണ്ണൂർ
1. ആറളം
   രണ്ടാംസ്ഥാനത്തിനു രണ്ടു ഗ്രാമ പഞ്ചായത്തുകൾ അർഹരായി
1. പന്ന്യന്നൂർ
2. കോളയാട്

കാസർകോട്
1. പനത്തടി
2. മംഗൽപാടി.

കിലയുടെ നേർക്കാഴ്ച ഇനി യൂട്യൂബ് ചാനലിൽ

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ മാതൃകാപരമായ വികസനപദ്ധതികൾ ജനങ്ങളിലെത്തിക്കാൻ കില തയ്യാറാക്കിയ നേർക്കാഴ്ച പരിപാടി ഇനി യൂട്യൂബ് ചാനലിലും. ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം തൃശ്ശൂരിൽ നടന്ന പഞ്ചായത്ത് ദിനാഘോഷ ചടങ്ങിൽ മന്ത്രി എ.സി. മൊയ്തീൻ നിർവഹിച്ചു. ദേശീയ-അന്തർദ്ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടേണ്ട വികസനപദ്ധതികൾ മാധ്യമപ്രവർത്തനങ്ങളുടെ അഭാവം മൂലം വേണ്ടരീതിയിൽ ശ്രദ്ധിക്കപ്പെടുന്നില്ലെന്ന തിരിച്ചറിവാണ് സ്മാർട്ട് ഫോൺ അധിഷ്ഠിത വീഡിയോ ഡോക്യുമെന്റേഷൻ പദ്ധതിക്കു കിലയെ പ്രേരിപ്പിച്ചത്. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ വികസനപദ്ധതികളുടെ വീഡിയോ പ്രമാണശേഖരത്തിനും പ്രചാരണത്തിനും ഉദ്ദേശിച്ചുകൊണ്ട് കില ആവിഷ്ക്കരിച്ച വീഡിയോ ഡോക്യുമെന്റേഷൻ പരിപാടിയാണ് നേർക്കാഴ്ച.

ആദ്യഘട്ടത്തിൽ 14 ജില്ലകളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട 42 പേർക്കു വീഡിയോ ഡോക്യുമെന്റേഷൻ നിർമ്മാണത്തിൽ ഒരാഴ്ചത്തെ പരിശീലനം നൽകി. ഇവരുടെ സഹായത്തോടെ വിവിധ ജില്ലകളിൽ രണ്ടാംഘട്ട പരിശീലനം നടന്നുവരികയാണ്. ഓരോ തദ്ദേശസ്വയംഭരണസ്ഥാപനത്തിലും കുറഞ്ഞത് രണ്ടുപേർക്കെങ്കിലും പരിശീലനം നൽകുകയാണ് ലക്ഷ്യം. പരിശീലനം നേടിയവർ നിർമ്മിച്ച വികസനപ്രവർത്തനങ്ങളുടെ നേർക്കാഴ്ചയായ വീഡിയോ ഡോക്യുമെന്റെറികൾ ഇനി യൂട്യൂബ് ചാനലിൽ ലഭ്യമാകും. കൃഷി, ആരോഗ്യം, വിദ്യാഭ്യാസം, പാർപ്പിടനിർമ്മാണം, മാലിന്യസംസ്കരണം, കുടിവെള്ള വിതരണം, മലിനജല സംസ്കരണം, ജലമാനേജ്മെന്റ് തുടങ്ങിയ വിവിധ മേഖലകളിലെ വിജയകരമായ വികസനപ്രവർത്തനങ്ങളിലേക്കുള്ള ജാലകമായിരിക്കും ഈ യൂട്യൂബ് ചാനൽ. ഉദ്ഘാടനച്ചടങ്ങിൽ കില ഡയറക്ടർ ഡോ. ജോയ് ഇളമൺ ഉൾപ്പെടെയുള്ള പ്രമുഖർ സംബന്ധിച്ചു.

2019 ജനുവരിയിലെ കണക്കുപ്രകാരം 560 ദശലക്ഷം ഇൻർനെറ്റ് ഉപഭോക്താക്കളാണ് ഇന്ത്യയിലുള്ളത്. ഇതിൽ 515 ദശലക്ഷം പേരും ഇന്റർനെറ്റ് ഉപയോഗിക്കുന്നത് സ്മാർട്ട് ഫോണിലൂടെയാണ്. സ്മാർട്ട് ഫോണിൽ ഇന്റർനെറ്റ് ഉപയോഗിക്കുന്ന പത്തിൽ ഒമ്പതുപേരും വീഡിയോ കാണുന്നവരാണെന്നാണ് കണക്കുകൾ പറയുന്നത്.

ചോദ്യങ്ങൾക്കു മറുപടി

? ധനകാര്യകമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് നിലവിലെ റോഡിന്റെ സംരക്ഷണത്തിന്റെ ഭാഗമായി ടാറിംഗ് ചെയ്യാമോ?

● കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റുപയോഗിച്ച് പുതിയ കോൺക്രീറ്റിംഗും ടാറിംഗും പാടില്ല എന്നാണ് വ്യവസ്ഥ. എന്നാൽ നിലവിലെ റോഡിന്റെ പരിപാലനത്തിന്റെയും സംരക്ഷണത്തിന്റെയും ഭാഗമായി ടാറിംഗും കോൺക്രീറ്റിംഗും അത്യാവശ്യമാണെന്നു എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ ഇവ ചെയ്യാവുന്നതാണ്. (സർക്കുലർ നമ്പർ ഡി.എ1/ 859/2017. തസ്വഭവ.10.11.2017)

? കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു കുടിവെള്ളം വിതരണം നടത്താൻ പഞ്ചായത്തുകൾക്കു തുക വിനിയോഗിക്കാമോ?

● കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും കോർപ്പറേഷൻ പ്രദേശത്തും ചില വ്യവസ്ഥകളോടെ കുടിവെള്ളം വിതരണം നടത്തുന്നതിനു താഴെ പറയുന്ന പരിധിക്കുള്ളിൽനിന്നും തുക ചെലവഴിക്കാവുന്നതാണ്. 31.3.2019 വരെ ഗ്രാമപഞ്ചായത്തുകൾക്കു 5.50 ലക്ഷം രൂപയും നഗരസഭകൾക്കു 11 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കു 16.50 ലക്ഷം രൂപയും ചെലവഴിക്കാം. 1.4.2019 മുതൽ 31.5.2019 വരെ ആവശ്യമെങ്കിൽ ഗ്രാമപഞ്ചായത്തുകൾക്കു 11 ലക്ഷം രൂപയും നഗരസഭകൾക്കു 16.50 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കു 22 ലക്ഷം രൂപയും ചെലവഴിക്കാം.
കുടിവെള്ളം രൂക്ഷമായ സ്ഥലങ്ങളിൽ ജി.പി.എസ് ഘടിപ്പിച്ച ടാങ്കറുകളിൽ ഗുണനിലവാരമുള്ള കുടിവെള്ളം വിതരണം ചെയ്യാവുന്നതാണ്. പരാതികൾക്കു ഇടവരുത്താതെ സുതാര്യമായും കാര്യക്ഷമവുമായി വിതരണം ചെയ്യണം. ജില്ലാതല റവന്യു അധികാരികൾ ഇതു മോണിറ്ററിംഗ് നടത്തണം. (സ.ഉ. (സാധാ 500/2019 തസ്വഭവ. തീയതി.2.3.2019)

? വ്യാപാരവ്യവസായസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് പിഴ കൂടാതെ എന്നുവരെ അടയ്ക്കാം?

● 2018-19 സാമ്പത്തികവർഷത്തിൽ ലൈസൻസ് ഫീസ് പിഴ കൂടാതെ 20.3.2019 വരെ അടയ്ക്കാവുന്നതാണ്.(സ.ഉ.(സാധാ) 446/2019. തസ്വഭവ. തീയതി. 27.2.2019)

? ഞങ്ങളുടെ പള്ളിയോടു ചേർന്നു സൺഡേ ക്ലാസ്സ് നടത്തുന്ന ചെറിയ ഒരു ഹാളുണ്ട്. ഇതിനു കെട്ടിടനികുതി അടയ്ക്കേണ്ടതുണ്ടോ?

കിലയിൽ സോഷ്യൽ ഓഡിറ്റ്

ഇരുപത്തെട്ടു വർഷം പൂർത്തിയാക്കിയ കില, ഇനിയുള്ള വളർച്ചയുടെ മുന്നോടിയായി ഇതുവരെ നടന്ന പ്രവർത്തനങ്ങളെക്കുറിച്ച് സാമൂഹ്യ ഓഡിറ്റിനു വിധേയമാകുന്നു. മുൻ കേന്ദ്ര സെക്രട്ടറി മീനാക്ഷിസുന്ദരം ഐ.എ.എസ്, ഡോ.ശ്രീപർണ ഗാംഗുലി (ദസ്ര മഹാരാഷ്ട്ര), ടി. ഗംഗാധരൻ (കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്) എന്നിവരടങ്ങുന്ന ടീമാണ് സാമൂഹ്യ ഓഡിറ്റിനു നേതൃത്വം നൽകുന്നത്. ഓഡിറ്റിന്റെ ഭാഗമായ അന്വേഷണത്തിനു ചോദ്യാവലി തയ്യാറായിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, മുൻ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ എന്നിവരുടെയെല്ലാം അഭിപ്രായങ്ങൾ സ്വരൂപിക്കാനാണ് ഈ ചോദ്യാവലി. ചോദ്യാവലി ഓൺലൈനായി
http//www.kila.ac.in/socialaudit എന്ന വിലാസത്തിൽ ലഭിക്കുന്നതാണ്.അതു ഓൺലൈനായി തന്നെ പൂരിപ്പിക്കേണ്ടതാണ്. പൂരിപ്പിച്ച ചോദ്യാവലി മാർച്ച് 10 നു മുമ്പ് ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

ചോദ്യങ്ങൾക്ക് മറുപടി

തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും ബന്ധപ്പെടുക. കില ഹെൽപ് ഡെസ്ക്. ഫോൺ നമ്പർ-0487 2455000

● പൊതു ആരാധനയ്ക്കായി നീക്കിവച്ചിട്ടുള്ള പള്ളി, ക്ഷേത്രങ്ങൾ, മോസ്കുകൾ എന്നിവ പ്രവർത്തിക്കുന്ന കെട്ടിടങ്ങളെ വസ്തുനികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുള്ളതാണ്. ഇപ്രകാരമുള്ള ആരാധനാലയങ്ങളോടു ചേർന്നുള്ള മതപഠനശാലകളേയും വസ്തുനികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. (കേരള പഞ്ചായത്ത് രാജ് നിയമം സെ.207(2)എ)

? ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനോ വൈസ് പ്രസിഡന്റിനോ എതിരെയുള്ള അവിശ്വാസപ്രമേയം ചർച്ചയ്ക്കെടുക്കുന്ന യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടത് ആരാണ്? കോറം എത്രയാണ്?

● അവിശ്വാസപ്രമേയം ചർച്ചയ്ക്കെടുക്കുന്ന യോഗത്തിൽ തെരഞ്ഞെടുപ്പു കമ്മീഷൻ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനാണ് ആദ്ധ്യക്ഷ്യം വഹിക്കേണ്ടത്. ആ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട മൊത്തം അംഗസംഖ്യയുടെ ഒന്നു പകുതിയായിരിക്കും ഈ യോഗത്തിന്റെ ക്വാറം.(കേരള പഞ്ചായത്ത് രാജ് ആക്ട്. സെ.157 (4,5))

? ഒരു കോഴി ഫാം ആരംഭിക്കുന്നതിനു പഞ്ചായത്തിന്റെ ലൈസൻസ് അത്യാവശ്യമാണോ?

● നൂറ് പക്ഷികളിൽ കൂടുതൽ വളർത്തുന്നതിനു 2012 ലെ കേരള പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്കു ലൈസൻസ് നൽകാൻ ചട്ടങ്ങൾ പ്രകാരമുള്ള അനുമതിയും ലൈസൻസും ആവശ്യമാണ്. നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖകൾ സഹിതം അനുമതിക്കായി ആദ്യം അപേക്ഷിക്കണം. അനുമതി ലഭിച്ചാൽ ഷെഡുകൾ പണിതശേഷം പക്ഷികളെ വളർത്തുന്നതിനു മുമ്പ് ലൈസൻസും എടുത്തിരിക്കണം.

? പഞ്ചായത്തിന്റെ കീഴിലുള്ള സ്കൂൾ കെട്ടിടം പൊളിച്ചുകളഞ്ഞ് പുതിയത് പണിയണം. എന്തൊക്കെ കാര്യങ്ങളാണ് ശ്രദ്ധിക്കേണ്ടത്?

● പഞ്ചായത്തിന്റെയോ ഘടകസ്ഥാപനങ്ങളുടേയോ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനു മുമ്പ് പുതിയ കെട്ടിടം പണിയുന്നതിനുള്ള ഫണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുകയും അതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും വേണം.

- പൊളിച്ചു മാറ്റപ്പെടേണ്ട കെട്ടിടം പഞ്ചായത്തിന്റെ സാങ്കേതിക വിഭാഗം പരിശോധിച്ച് അതിന്റെ സുരക്ഷിതത്വം, അപകടാവസ്ഥ, മറ്റു അനുബന്ധ ഘടകങ്ങൾ എന്നിവ വിലയിരുത്തിയശേഷം മാത്രം നടപടിക്രമങ്ങൾ പാലിച്ച് അനുമതി നൽകേണ്ടതാണ്.
- പൊളിച്ചുമാററുന്ന കെട്ടിടം ഘടകസ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതാണെങ്കിൽ വിവരം ഒരുമാസം മുമ്പ് ബന്ധപ്പെട്ട വകുപ്പിനെ അറിയിച്ച് അനുമതി വാങ്ങിയിരിക്കേണ്ടതാണ്.
- ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുമുമ്പ് പുരാവസ്തു വകുപ്പിന്റെ അനുമതി വാങ്ങിയിരിക്കണം.
- പൊളിച്ചുകളയുന്ന കെട്ടിടത്തിനു പകരം/ പുതുക്കിപ്പണിയുന്ന കെട്ടിടം പഴയ കെട്ടിടത്തേക്കാൾ ചെറുതായിരിക്കാൻ പാടില്ല.
- പഴയ കെട്ടിടം ഇരുന്ന സ്ഥലം മറ്റാവശ്യങ്ങൾക്കു ഉപയോഗിക്കാൻ പാടില്ല.
- കെട്ടിടം പൊളിച്ചുമാറ്റുമ്പോൾ ലഭിക്കുന്ന വരുമാനം പഞ്ചായത്തിന്റെ ഫണ്ടിലേക്കു മുതൽ കൂട്ടേണ്ടതും തുക ആ സ്ഥാപനത്തിന്റെ വികസനത്തിനു ഉപയോഗിക്കേണ്ടതുമാണ്. (സർക്കുലർ നമ്പർ ബി.2/15471/18 തീയതി.8.11.2018 പഞ്ചായത്ത് ഡയറക്ടർ)

ഭക്ഷ്യ ധാന്യങ്ങളുടെ ഇനങ്ങൾ കുറയുന്നതു സംബന്ധിച്ച് കൈനകരി ഗ്രാമപഞ്ചായത്തിൽ കർഷകരുമായി ഫോക്കസ് ഗ്രൂപ്പ് സംഘടിപ്പിച്ച ചർച്ച

ജൈവവൈവിധ്യം നിലനിർത്താൻ കിലയുടെ ഇടപെടൽ

ഇന്ത്യയിലെ കാർഷിക ജൈവവൈവിധ്യം കുറയുന്ന സാഹചര്യത്തിൽ ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ-കാർഷിക സംഘടന കേരളം, പഞ്ചാബ്, മിസോറാം എന്നീ സംസ്ഥാനങ്ങളിൽ കാര്യശേഷിവികസന പരിപാടിക്കു രൂപം നൽകി. കേരളത്തിൽ കിലയും കേരള സംസ്ഥാന ജൈവവൈവിധ്യബോർഡും സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസും സംയുക്തമായാണ് ഇതു പ്രാവർത്തികമാക്കുന്നത്.

ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ സംസ്ഥാനതലത്തിലും ആലപ്പുഴയിൽ ജില്ലാതല കൂടിയാലോചന ശില്പശാലയും സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ. ജോയ് ഇളമൺ സംസ്ഥാനതല ശില്പശാലയിൽ ആമുഖ പ്രഭാഷണം നടത്തി. ജില്ലാതല ശില്പശാലയിൽ ഭക്ഷ്യ-കാർഷിക സംഘടനയുടെ പ്രതിനിധികളായ ശാലിനി ഭൂട്ടാനി, സീമാഭട്ട് എന്നിവർ സംബന്ധിച്ചു. കില അസോസിയേറ്റ് പ്രൊഫ. ഡോ.ജെ.ബി.രാജൻ ആമുഖാവതരണം നടത്തി. ജൈവവൈവിധ്യബോർഡ് മെമ്പർ സെക്രട്ടറി വി.ബാലകൃഷ്ണൻ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് അസി.പ്രൊഫ. ഡോ. ടി. അബിലാഷ് എന്നിവർ വിഷയാവതരണം നടത്തി. കില അസി. ഡയറക്ടർ മാത്യു ആൻഡ്രൂസ്, റിസർച്ച് അസോസിയേറ്റ് സുകന്യ, ജനകീയാസൂത്രണം ആലപ്പുഴ ജില്ല കോർഡിനേറ്റർ ജയരാജ് എന്നിവർ സംസാരിച്ചു.

തുടർന്ന് കൈനകരി ഗ്രാമപഞ്ചായത്തിൽ കർഷകരുമായി ഫോക്കസ് ഗ്രൂപ്പ് ചർച്ച സംഘടിപ്പിച്ചു. ഭക്ഷ്യ ധാന്യങ്ങളുടെ ഇനങ്ങൾ കുറയുന്നതു സംബന്ധിച്ച വിഷയങ്ങളായിരുന്നു മുഖ്യ ചർച്ച. മനുഷ്യൻ ആഹാരമാക്കുന്ന ധാന്യങ്ങളുടെ എണ്ണം കുറയുന്നതുമൂലം ലോകം ഭക്ഷ്യ പ്രതിസന്ധിയിലേക്കു നീങ്ങുന്ന സാഹചര്യത്തിലാണ് ഭക്ഷ്യ-കാർഷിക സംഘടനയുടെ പഠനസംഘമെത്തിയത്. ആലപ്പുഴ ജില്ലയിലാണ് ആദ്യം പഠനം നടത്തുന്നത്. കുട്ടനാട്ടിലെ കർഷകർ, കൃഷി വർക്കിംഗ് ഗ്രൂപ്പ് ചെയർമാൻമാർ, കൺവീനർമാർ, കൃഷി ഓഫീസർ, പൊതു പ്രവർത്തകർ എന്നിവരിൽനിന്നു വിവരങ്ങൾ ശേഖരിച്ചു. കിലയാണ് പഠനസംഘത്തിനു നേതൃത്വം നൽകുന്നത്. കില, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, എന്നിവയുടെ സംയുക്ത കാര്യശേഷി വികസനപരിപാടിക്കു ഭക്ഷ്യ-കാർഷിക സംഘടന പിന്തുണ നൽകുന്നു.

കോർപ്പറേഷൻ കൗൺസിലർമാർക്കു പരിശീലനം

കൊല്ലം കോർപ്പറേഷനിലെ കൗൺസിലർമാർക്കു കിലയിൽ രണ്ടുദിവസത്തെ പരിശീലനം സംഘടിപ്പിച്ചു. കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ആമുഖപ്രഭാഷണം നടത്തി. മേയർ അഡ്വ.വി.രാജേന്ദ്രബാബു സംസാരിച്ചു. സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പ്രവർത്തനം മെച്ചപ്പെടുത്തൽ, ഉൽപ്പാദന-സേവന-പശ്ചാത്തല മേഖലകളിലെ നൂതന ഇടപെടലുകൾ, ബാലസൗഹൃദ-വനിതാസൗഹൃദ-വയോജനസൗഹൃദ, ഭിന്നശേഷി സൗഹൃദ നഗരഭരണം എന്നീ വിഷയങ്ങളെ അധികരിച്ചായിരുന്നു ക്ലാസ്സുകൾ.

കില തയ്യാറാക്കിയ അതിജീവനത്തിന്റെ അനുഭവപാഠങ്ങൾ എന്ന പുസ്തകം പഞ്ചായത്ത് ദിനോഘോഷച്ചടങ്ങിൽ **ഡോ.പി.കെ.ബിജു എം.പി.** പ്രകാശനം ചെയ്യുന്നു

പക്ഷിനിരീക്ഷണത്തിൽ കില ജീവനക്കാർക്കു നൽകിയ പരിശീലനപരിപാടി പാട്രിക് ഡേവിഡ് ക്ലാസ്സെടുക്കുന്നു

പക്ഷിനിരീക്ഷണത്തിൽ ജീവനക്കാർക്കു പരിശീലനം

കില കാമ്പസിലെ പക്ഷികളെ നിരീക്ഷിക്കുന്നതിനു കില ജീവനക്കാർക്കു പരിശീലനം നൽകി. പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനിലെ ഇക്കോളജിസ്റ്റ് പാട്രിക് ഡേവിഡ് പക്ഷിനിരീക്ഷണം എന്തിന് എങ്ങനെ എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു. സെക്ഷൻ ഓഫീസർ കെ.കെ. ബാബു അദ്ധ്യക്ഷനായിരുന്നു. ഇന്ത്യയിൽ 1268 ഇനം പക്ഷികളെ കണ്ടെത്തിയിട്ടുണ്ടെന്നും അതിൽ 500 ൽ പരം ഇനങ്ങൾ കേരളത്തിലാണെന്നും പാട്രിക് ഡേവിഡ് പറഞ്ഞു.

കില കാമ്പസിൽ ഇതുവരെ 62 ഇനം പക്ഷികളെയാണ് കണ്ടെത്തിയിട്ടുള്ളത്. പരിശീലനക്ലാസ്സിനുശേഷം ഡേവിഡിന്റെ നേതൃത്വത്തിൽ പക്ഷിനിരീക്ഷണത്തിനുള്ള പ്രായോഗിക പരിശീലനവും നൽകി. പക്ഷികളെക്കുറിച്ചുള്ള കൂടുതൽ പഠനത്തിനും നിരീക്ഷണത്തിനുമായി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷൻ നടത്തുന്ന പരിശീലനപരിപാടിയിലേക്കു താൽപര്യമുള്ളവരെ അയയ്ക്കുന്നതിനും പരിപാടിയുണ്ട്. കിലയിൽ പരിശീലനത്തിനെത്തുന്നവർക്കും പക്ഷിനിരീക്ഷണത്തിനു താൽപര്യമുള്ള പൊതുജനങ്ങൾക്കും പരിശീലനം നേടിയവരുടെ സഹായം ലഭിക്കും. നിരീക്ഷണത്തിനെത്തുന്നവർക്കുള്ള ബൈനോക്കുലേഴ്സും കിലയിൽ സജ്ജമാക്കിയിട്ടുണ്ട്. പക്ഷികളെക്കുറിച്ച് കെ.കെ.ബാബു തയ്യാറാക്കിയ കൈപ്പുസ്തകവും നിരീക്ഷണത്തിനെത്തുന്നവർക്കു സഹായകരമാകും.

കില കാമ്പസിൽ കണ്ടെത്തിയ പക്ഷികൾ

KILA News letter Published By Dr. Joy Elamon, Director, Kerala Institute of Local Administration, Mulamkunnathukavu (P.O) Thrissur-680581 **(for private circulation only)**